ശബരിമലയിൽ തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

2 (*509) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടന സീസണിൽ തീർത്ഥാടകരുടെ സൗകര്യത്തിനായി ഒരുക്കുന്ന ഏർപ്പാടുകളുടെ അപര്യാപ്തതയെപ്പറ്റി വിലയിരുത്താറുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ ;

(ബി) ഈ വിലയിരുത്തലിൽ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുവാൻ നടപടിയെടുക്കാറുണ്ടോ ; എങ്കിൽ എപ്പോൾ ;

(സി) 1998-ലെയും 1999-ലെയും തീർത്ഥാടന സീസണിൽ ഈ വിലയിരുത്തൽ പ്രകാരം എന്തെല്ലാം അനന്തര നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്. സീസൺ തുടങ്ങുന്നതിനു വളരെ മുൻപുതന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പോരായ്മകളെക്കുറിച്ചും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യാറുണ്ട്.

(ബി) ഉണ്ട്. സീസൺ തുടങ്ങുന്നതിനു മുൻപുതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ, കുടിവെള്ള വിതരണം, ആരോഗ്യ പരിപാലനം, വൈദ്യുതീകരണം, സാനിട്ടേഷൻ സൗകര്യങ്ങൾ, സെക്യൂരിറ്റി, ട്രാഫിക് ക്രമീകരണങ്ങൾ, വാഹനങ്ങളുടെ പാർക്കിംഗ്, അഗ്നിശമന സജ്ജീകരണങ്ങൾ, തീർത്ഥാടകർക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, വിരിവയ്ക്കുന്നതിനുള്ള സൗകര്യം തുടങ്ങിയ മേഖലകളിൽ ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ച് മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിമാരുടേയും തലത്തിലും ശബരിമല ഉൽസവങ്ങൾക്കുള്ള ചീഫ് കോ-ഓർഡിനേറ്റർ തലത്തിലും യോഗങ്ങൾ വിളിച്ചുകൂട്ടി ആ യോഗങ്ങളിലെ തീരുമാനമനുസരിച്ച് നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. 1999 ജനുവരി മാസത്തിലെ മകരവിളക്കു ദിവസം നടന്ന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇക്കഴിഞ്ഞ സീസണിൽ സെക്യൂരിറ്റി സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും മകരജ്യോതി ദർശിക്കുന്നതിന് തീർത്ഥാടകർക്കു നിൽക്കുവാൻ കൂടുതൽ ഭാഗത്ത് അടിക്കാടുകൾ തെളിച്ച് സൗകര്യം ഏർപ്പെടുത്തുന്നതിനും കുത്തനെയുള്ള ഇറക്കം കുറയ്ക്കുന്നതിനും, ശക്തമായ ബാരിക്കേഡുകൾ നിർമ്മിക്കുന്നതിനും,

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങളുടെ മുകളിൽ തീർത്ഥാടകർ കയറി നിൽക്കുന്നത് തടയുന്നതിന് തീരുമാനിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : ലോകത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് കേരളത്തിലുള്ള ശബരിമല തീർത്ഥാടന കേന്ദ്രം. തീർത്ഥാടനത്തിനായി വരുന്ന ആളുകൾ വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവർക്കാവശ്യമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഈ കാര്യങ്ങൾ ഉണ്ടാക്കുന്നതിന് അനുമതി നൽകാറുണ്ടോ ; ഉണ്ടെങ്കിൽ ഏത് നിബന്ധനകൾക്കു വിധേയമായിട്ടാണ് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. കെ. നാണു : സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകുന്നതായി അറിവില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : ശബരിമല വികസനത്തിന് വനഭൂമി വിട്ടുകിട്ടേണ്ടത് വളരെ അത്യാവശ്യമാണ്. ഇത് സംബന്ധിച്ച് കേന്ദ്രത്തിലേയും സംസ്ഥാനത്തിലേയും, ദേവസ്വം ബോർഡിലേയും ഉന്നത ഉദ്യോഗസ്ഥന്മാർ ഈ മാസം 26, 27 തീയതികളിൽ അവിടം സന്ദർശിക്കുമെന്നും വനഭൂമി എത്ര വിട്ടുകൊടുക്കണമെന്ന കാര്യം അവിടെ തീരുമാനിക്കുമെന്നുമൊക്കെ പത്രവാർത്ത കണ്ടു. നമുക്ക് വനഭൂമി വിട്ടുകിട്ടേണ്ടതു സംബന്ധിച്ചും അവിടെ വരുന്ന തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതു സംബന്ധിച്ചുമൊക്കെ ആവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ശുപാർശ ചെയ്ത കാര്യങ്ങൾകൂടി പരിഗണിച്ചാണോ ആ പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. കെ. നാണു : ശബരിമല വികസനത്തിന് പ്രധാനമായും ആവശ്യമുള്ളത് വനഭൂമിയാണ്. 20 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് ദേവസ്വം ബോർഡ് അപേക്ഷിച്ചിരുന്നു. ഇതിനായുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. മുൻ ദേവസ്വം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം കേന്ദ്ര മന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തുകയുണ്ടായി. പാർക്കിംഗ്, തീർത്ഥാടകർക്ക് വിശ്രമത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടിയുള്ള 20 ഹെക്ടർ ഭൂമി സംബന്ധിച്ചുള്ളതാണ് ചർച്ച. അതുപോലെ കേന്ദ്രസംഘം വരുന്ന അവസരത്തിൽ കേന്ദ്ര സംഘത്തിന്റെ മുമ്പാകെ ഈ കാര്യങ്ങൾ വളരെ വ്യക്തമായി സമർപ്പിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വത്തിന്റെ ഉത്തരവാദപ്പെട്ടരും ഈ വകുപ്പിലെ പ്രധാനപ്പെട്ടവരും സന്ദർശിച്ച് കാര്യങ്ങൾ വ്യക്തമാക്കുന്നതാണ്.

ശ്രീ. ബി. വിജയകുമാർ : ദേവസ്വംബോർഡ് ഉത്സവത്തോടനുബന്ധിച്ച് മുഖ്യമന്ത്രി, മന്ത്രിതല വിലയിരുത്തൽ നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. ഈ ഉത്സവത്തിനു തൊട്ടു മുൻപ് തിരുവനന്തപുരത്ത് ഡർബാർ ഹാളിൽ ഒരു മന്ത്രിതല ചർച്ച നടക്കുന്നതൊഴിച്ചാൽ ഇത്രയും ലക്ഷക്കണക്കിന് തീർത്ഥാടകർ വന്നുകൂടി സംസ്ഥാന ഗവൺമെന്റിനും ദേവസ്വം ബോർഡിനും കോടിക്കണക്കിന് രൂപ വരുമാനമുണ്ടാക്കിത്തരുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

ദേശീയോത്സവമായ ശബരിമലയെക്കുറിച്ച് വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ശബരിമലയുടെ വികസനത്തിനുവേണ്ടി മന്ത്രിതല ചർച്ച നടത്താറുണ്ടോ; കഴിഞ്ഞ വർഷം നടത്തിയിട്ടുണ്ടോ ?

ശ്രീ. സി. കെ. നാണു : ഇതിനെ സംബന്ധിച്ച് പല പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഏറ്റവും ശാസ്ത്രീയമായ രൂപത്തിലാണ് ശബരിമലയിലുള്ള സംവിധാനങ്ങൾ ഓർഗനൈസ് ചെയ്തത്. സീസൺ തുടങ്ങുന്നതിനു മുൻപുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഗവൺമെന്റ് സെക്രട്ടറിയെ ചീഫ് ഗവൺമെന്റ് കോ-ഓർഡിനേറ്ററായി നിയമിക്കുന്നു. 1997-98 കാലഘട്ടത്തിൽ വ്യവസായ വകുപ്പു സെക്രട്ടറി മോഹൻദാസായിരുന്നു ചീഫ് കോ-ഓർഡിനേറ്റർ. അങ്ങനെ അവിടെ ആവശ്യമുള്ള എല്ലാ വകുപ്പുകളേയും പരമാവധി ഉപയോഗപ്പെടുത്തി. മുഖ്യമന്ത്രിതലത്തിൽ ദേവസ്വം വകുപ്പുമന്ത്രി അതിന്റെ ചുമതലയെടുത്ത് അദ്ദേഹം രണ്ടുമൂന്നു പ്രാവശ്യം ബന്ധപ്പെട്ടുകൊണ്ട് ചർച്ചകൾ നടത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ സംബന്ധിച്ച് ഒരു ആക്ഷേപത്തിനും ഇടയുണ്ടായിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ബി. വിജയകുമാർ : അരവണപ്പായസത്തെ സംബന്ധിച്ചുള്ള ശ്രീ. കെ. സി. വേണുഗോപാലിന്റെ ചോദ്യത്തിനു മറുപടിയായി ക്വട്ടേഷൻ അനുസരിച്ചല്ല അരവണപ്പായസത്തിന് കരാർ നൽകിയതെന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട് എന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. ക്വട്ടേഷൻ അനുസരിച്ചല്ലാതെ കരാർ നൽകിയതിലൂടെ കരാറുകാരന് മൂന്നേമുക്കാൽ കോടി രൂപ ഈ ഒരു വർഷം ചെലവെഴുതി നൽകിയിട്ടുണ്ടെന്ന് അങ്ങു നൽകിയ മറുപടിയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങയുടെ മറുപടി ഇതാണ്. "ദേവസ്വം ബോർഡിന് 11 കോടി രൂപ കിട്ടിയപ്പോൾ കരാറുകാരന് മൂന്നേമുക്കാൽകോടി രൂപ കിട്ടി". മൂന്നേമുക്കാൽ കോടിരൂപ ഒരു വർഷംകിട്ടിയ കരാർ ക്വട്ടേഷൻ അനുസരിച്ചല്ല നൽകിയതെന്നും അങ്ങയുടെ മറുപടിയിൽ പറയുന്നു. ഇത് ഗുരുതരമായ അഴിമതിയാണെന്ന് പുറത്ത് ആക്ഷേപം വന്നിട്ടുണ്ട്. ഇതേക്കുറിച്ച് ഗവൺമെന്റ് സമഗ്രമായ ഒരു അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ശ്രീ. സി. കെ. നാണു : ആ ചോദ്യം അല്ല ഇപ്പോൾ ഉള്ളത്. അതുകൊണ്ട് ഞാൻ അതിനെ സംബന്ധിച്ച് പറയുന്നില്ല.

ശ്രീ. കെ.സി. ജോസഫ് : ശബരിമലയിൽ ഓരോ സീസൺ ആരംഭിക്കുമ്പോഴും താൽക്കാലികമായി പദ്ധതികൾ ഉണ്ടാക്കാതെ തിരുപ്പതി മോഡലിൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; എന്തെങ്കിലും പദ്ധതി ഉണ്ടെങ്കിൽ അതിന്റെ നടപടികൂടെ പറയുമോ ?

ശ്രീ. സി. കെ. നാണു : ശബരിമലയിൽ ദീർഘകാലാടിസ്ഥാനത്തിൽ തന്നെയാണ് പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നത്. ഓരോ പരിപാടിയും തീർത്ഥാടകരുടെ വരവനുസരിച്ച് അവരെ ഉൾക്കൊള്ളാൻ പറ്റുന്ന എല്ലാ നടപടികളും-താൽക്കാലിക നടപടികളല്ല-ദീർഘകാലാടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഓരോന്നും ഇപ്പോൾ പറയുന്നില്ല. ആ രൂപത്തിൽ തന്നെയാണ് ഇപ്പോൾ നടപടി സ്വീകരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : ഓരോ സീസൺ കഴിയുമ്പോഴും അവിടെ ഉണ്ടാകുന്ന മലിനീകരണം വലിയ പ്രശ്നമായി മാറിയിട്ടുണ്ട്. നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി അവിടെ പോയി പഠിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശബരിമലയുടെ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനാവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. കെ. നാണു : അതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഞാൻ ഒരു കാര്യം പറയാം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് ഈ പദ്ധതിക്കാവശ്യമായ 0.4225 ഹെക്ടർ സ്ഥലം കൈമാറാനായി കേന്ദ്രസർക്കാരിന്റെ അനുവാദം ലഭിച്ചിട്ടുണ്ട്. സ്ഥലം ദേവസ്വംബോർഡിന് കൈമാറാൻ വനംവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലം ദേവസ്വംബോർഡിന് കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ഒരു പ്ലാന്റ് വരികയാണ്. അവിടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, റോഡുകൾ എന്നിവയെല്ലാം ടെമ്പററി എന്നുള്ള നിലയിലല്ല പ്രധാനമായി പ്രശ്നങ്ങൾ പരിഹരിക്കാൻ .....പമ്പയിൽ 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് സ്ഥലം കൊടുത്തിട്ടുണ്ട്. അങ്ങനെ അടിസ്ഥാനപരമായ പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച് 20 ഹെക്ടർ വനപ്രദേശം കൂടി വിട്ടുകിട്ടുന്നതോടുകൂടി പരിപൂർണ്ണമായി കുറെക്കാലത്തേയ്ക്കുള്ളത് പരിഹരിക്കാൻ കഴിയുമെന്ന് തോന്നുന്നു.

ശ്രീ. എം. മുരളി : ഇവിടെ അങ്ങ് പറഞ്ഞതുപോലെ പ്രൊഫ. എ. വി. താമരാക്ഷൻ ചെയർമാനായിരുന്ന കമ്മിറ്റിയുടെ നിർദ്ദേശം ഗവൺമെന്റിന്റെ മുന്നിലുണ്ട്. അതു കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മാസ്റ്റർ പ്ലാനും ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ശബരിമലയുടെ സമഗ്രമായ വികസനത്തിനായി അയ്യപ്പസേവാ സംഘത്തിന്റെ ഹരിഹരാസനം പദ്ധതിയും ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. അപ്പോൾ നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടും ഹരിഹരാസനം പദ്ധതിയും ദേവസ്വംബോർഡ് സമർപ്പിച്ച മാസ്റ്റർ പ്ലാനും കൂടി ഏകീകരിച്ചുകൊണ്ട് ശബരിമല വികസനത്തിന്, തീർത്ഥാടകർക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കാൻ വിശദമായ ഒരു ചർച്ചയിലൂടെ വരുന്ന ഏതാനും വർഷക്കാലത്തിനുള്ളിൽ കുടിവെള്ളപ്രശ്നം, ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക, വിരിപ്പ് വയ്ക്കാനുള്ള സൗകര്യം, താമസസൗകര്യം ഇതെല്ലാം ഏർപ്പെടുത്തികൊടുക്കാനുള്ള ഒരു സമഗ്രപദ്ധതിക്ക് അങ്ങ് ദേവസ്വത്തിന്റെയും ഗതാഗതത്തിന്റെയും ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ മുൻകൈയെടുക്കുമോ ?

ശ്രീ. സി.കെ. നാണു : മുൻകൈ എടുക്കുന്നതാണ്.

ശ്രീ. എം. മുരളി : സർ അങ്ങയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. ഇപ്പോൾ വനഭൂമി വിട്ടുകിട്ടാനുള്ള നടപടിയായത് നമ്മുടെ പാർലമെന്റ് മെമ്പർമാർ ഈ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ വച്ച് സ്പീക്കർ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാലയോഗിക്കു മുന്നിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയതുകൊണ്ട്, സ്പീക്കർ കഴിഞ്ഞ മാസം ശബരിമല സന്ദർശിച്ചപ്പോൾ അദ്ദേഹം ശബരിമല സന്ദർശിക്കുന്നതിനു മുൻപ് ഡൽഹിയിൽ നടത്തിയ ചർച്ചയുടെ ഫലമായിട്ടാണ് വനഭൂമി വിട്ടുകിട്ടാനുള്ള നടപടിയായിട്ടുള്ളത്. അപ്പോൾ ലോകസഭാ സ്പീക്കർ കാണിച്ച താൽപര്യം ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഈ കഴിഞ്ഞ വർഷങ്ങളിൽ കാണിച്ചില്ലെന്നുള്ളതാണ് സത്യം. എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട നമ്മുടെ നിയമസഭാ സ്പീക്കർ കൂടി മുൻകൈ എടുത്തുകൊണ്ട് ഏറ്റവും കൂടുതൽ തീർത്ഥാടകർ അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ പ്രവഹിക്കുന്ന ശബരിമലയുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പാർലമെന്റ് സ്പീക്കർ കാണിച്ച അതേ താൽപ്പര്യം..... വനഭൂമി വിട്ടുകിട്ടാൻ പോകുകയാണ്. ആ വിട്ടു കിട്ടുന്ന വനഭൂമിയിൽ എന്തെല്ലാം സമഗ്രവികസന പദ്ധതികൾ നടപ്പിലാക്കുമെന്നകാര്യം, ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറും ദേവസ്വം ബോർഡ് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങുകൂടി മുൻകൈയെടുത്ത് ഒരു പദ്ധതിക്ക് രൂപം നൽകി അത് പ്രാവർത്തികമാക്കുമോ ? ബഹുമാനപ്പെട്ട ബാലയോഗി കാണിച്ച താൽപര്യം കൊണ്ടാണ് വനഭൂമി വിട്ടുകിട്ടാൻ പോകുന്നത്.

ശ്രീ. സി. കെ. നാണു : സംസ്ഥാന ഗവൺമെന്റിന്റെ ദേവസ്വം ബോർഡ് വകുപ്പും വനംവകുപ്പും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, സംസ്ഥാന ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമെന്ന നിലയ്ക്ക് വനഭൂമി വിട്ടുകിട്ടാനും ശബരിമലയിൽ സൗകര്യങ്ങൾ ഏർപ്പെടുത്താനും പരമാവധി ശ്രമിച്ചിട്ടുണ്ട്. അവിടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും ശബരിമല തീർത്ഥാടകരായി രാഷ്ട്രീയ നേതാക്കന്മാരും ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട സ്പീക്കറുമൊക്കെ വരുന്ന അവസരത്തിൽ അവരുടെയെല്ലാം നേതൃത്വത്തിൽ പല വികസന പദ്ധതികളെക്കുറിച്ചും ആലോചിക്കുന്നുണ്ട്. പാർലമെന്റ് സ്പീക്കർ ഇവിടെ വന്ന അവസരത്തിൽ അദ്ദേഹത്തിന്റെ അടുക്കൽ ഈ 20 ഹെക്ടർ ഭൂമിയെ സംബന്ധിച്ചും ചർച്ച നടത്തുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കഴിഞ്ഞ കാലത്ത് വനംവകുപ്പും ദേവസ്വം വകുപ്പും ഇത് പരമാവധി നന്നാക്കാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. ഇത് വരുന്നതിനുമുമ്പ് തന്നെ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ ഇത് വ്യക്തമാക്കുന്നതാണ്. ഏതായാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമ്മുടെ സ്പീക്കറുടെ നേതൃത്വത്തിൽ ഇത്തരമൊരു നീക്കം ഉണ്ടാകുന്ന അവസരത്തിൽ 100 ശതമാനവും അതിന് സഹായകമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്. അത് അങ്ങേയറ്റം ഗുണകരമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കേരളത്തിലെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകരാണ് സീസൺ തുടങ്ങി 105 ദിവസത്തിനുള്ളിൽ ശബരിമലയിൽ വരുന്നത്. ചിലപ്പോൾ അതിനിരട്ടിയായിരിക്കും. അവിടെ ദീർഘകാല പദ്ധതികളെക്കുറിച്ച് അങ്ങ് ആലോചിക്കുമെന്നു പറഞ്ഞു. കേരള ഗവൺമെന്റിന്റെ മുന്നിൽ ഉണ്ടെന്നു പറയുന്ന ഹരിഹരാസനം പദ്ധതിയെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ മൂന്നു പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. ആ പദ്ധതി കേരള ഗവൺമെന്റിന്റെ ഫയലുകളിൽ ഇപ്പോഴും ഉറങ്ങുകയാണ്. ഇത്രയും കൂടുതൽ ആളുകൾ വരുന്ന ഈ പ്രദേശത്ത് അന്ന് നടത്തിയ ചർച്ചയുടെ തുടർച്ചയായി ആ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയും തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയും ഒന്ന് ആലോചിക്കുമോ ?

ശ്രീ. സി. കെ. നാണു : തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ അദ്ദേഹം ഇതിനുവേണ്ടി ചെയ്തത് എന്തെങ്കിലും നടപ്പിലാക്കാതെ കിടക്കുന്നുവെങ്കിൽ അതും പരിശോധിച്ച് ആവശ്യമാണെന്ന് കണ്ടാൽ അത് നടപ്പിലാക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശബരിമല സീസൺ തുടങ്ങുന്ന അവസരത്തിൽ അവിടെ താൽക്കാലികമായി സൗകര്യം ശരിയാക്കുന്നതിനെക്കുറിച്ച് പത്തനംതിട്ടയിലെ എം.എൽ.എ. മാർ എന്നുള്ള നിലയിൽ ഞാൻ അടക്കമുള്ള ആളുകളെ എല്ലാ വർഷവും ചർച്ചയ്ക്ക് വിളിക്കാറുണ്ട്. എല്ലാ വർഷവും പറയുന്നത് ഈ വർഷം തിടുക്കത്തിൽ നമുക്ക് ചെയ്യേണ്ടി വന്നതുകൊണ്ട് അടുത്ത വർഷം നമുക്ക് ഭംഗിയായി ആരംഭിക്കാമെന്നുള്ള സമാപന വാക്കോടു കൂടിയാണ് ഞങ്ങൾ ഇതെല്ലാം തീർക്കുന്നത്. കഴിഞ്ഞ ദീർഘകാലമായിട്ടുള്ള ചർച്ചയുടെ മിനിറ്റ്സ് എടുത്ത് നോക്കിയാൽ അങ്ങേയ്ക്ക് മനസ്സിലാകും. കേരളത്തിലെ 7 മന്ത്രിമാർ മുഖ്യമന്ത്രി അടക്കം കൈകാര്യം ചെയ്യുന്ന വകുപ്പുകളുണ്ട്. മുഖ്യമന്ത്രി എല്ലാവർഷവും ഡയറക്ഷൻ കൊടുക്കുന്ന സാഹചര്യത്തിൽ ഇത്രയും പ്രധാനപ്പെട്ട വകുപ്പുകൾ ക്രോഡീകരിച്ചാൽ മാത്രമേ മിനിമമായ സൗകര്യമെങ്കിലും ശബരിമലയിൽ ചെയ്തു കൊടുക്കാൻ കഴിയൂ. ഫലത്തിൽ അവിടെ ഉണ്ടാകുന്നത് അസൗകര്യങ്ങൾ മാത്രമാണ്. റോഡുകളുടെ കാര്യം വളരെ ദുസ്സഹമാണ്. സീസൺ തുടങ്ങുന്ന സമയത്താണ് അവിടെ മെറ്റൽ കൊണ്ടുവന്നിറക്കുന്നത്. നന്നാക്കാൻ തുടങ്ങുംപോഴേക്കും ശബരിമലയിലേയ്ക്ക് ബസ്സുകൾ വന്നു തുടങ്ങുകയാണ്. അതുകൊണ്ട് ഒരു വർഷത്തെ ഷെഡ്യൂൾ ഉണ്ടാക്കി ആ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഇത്ര കാലത്തിനിടയ്ക്ക് ഇത്ര പദ്ധതികൾ പൂർത്തീകരിക്കാമെന്ന് കർശനമായ നിലപാട് എടുത്ത് ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ഗവൺമെന്റിന്റെ നയമെന്നുള്ള നിലയിൽ ചെയ്തു തീർക്കാൻ തയ്യാറാകുമോ?

ശ്രീ. സി. കെ. നാണു : തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ അതു മുഴുവൻ ചെയ്യാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞിരിക്കുന്നത് ധൃതിവച്ച് യോഗങ്ങൾ ചേരുന്നതിനെ സംബന്ധിച്ചാണ്. അത്തരത്തിലുണ്ടായി എങ്കിൽ അതിന് പരിഹാരമെന്നുള്ള നിലയ്ക്ക് വളരെ നേരത്തേ തന്നെ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. വി. താമരാക്ഷൻ : 9-ാം കേരള നിയമസഭയുടെ പരിസ്ഥിതി സമിതി, ബഹുമാന്യനായ കെ.പി. നൂറുദ്ദീൻ ചെയർമാനായ കമ്മിറ്റി 1995-ൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ശബരിമലയുടെ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും ആ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ മാത്രമേ വികസനങ്ങൾ പാടുള്ളൂവെന്നും പറഞ്ഞിരുന്നു. എന്നാൽ ദേവസ്വംബോർഡ് ഒരു മാസ്റ്റർ പ്ലാനും തയ്യാറാക്കാത്ത സാഹചര്യത്തിൽ 1996-ൽ ഞാൻ ചെയർമാനായിരുന്ന നിയമസഭാ സമിതി ഈ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള മുഴുവൻ വിദഗ്ധൻമാരുടേയും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അത് 1997-ൽ ഈ സഭയിൽ സമർപ്പിക്കുകയുണ്ടായി. ഒരു പക്ഷേ ഇന്ത്യയിലെ പാർലമെന്റിന്റെ ചരിത്രത്തിൽ ആദ്യസംഭവമാണ് ഒരു നിയമസഭാ സമിതി തന്നെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ബന്ധപ്പെട്ട ദേവസ്വം ബോർഡിന്റെയും ഉദ്യോഗസ്ഥന്മാരുടെയും യോഗം അടിയന്തിരമായി ഗവൺമെന്റ് വിളിച്ചുകൂട്ടുമോ ?

ശ്രീ. സി. കെ. നാണു : അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാക്കുന്നുവെന്ന് പറഞ്ഞുകേട്ടിട്ട് കാലം കുറെയായി. അങ്ങനെ ദേശീയ തീർത്ഥാടനകേന്ദ്രമാക്കി കിട്ടുന്നതിനുവേണ്ടി അല്ലെങ്കിൽ ഒരു സംസ്ഥാന തീർത്ഥാടന കേന്ദ്രമാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് നിലവാരത്തിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. സി. കെ. നാണു : അത് ആലോചിക്കുന്നതാണ്. ഇപ്പോൾ വ്യക്തമായിട്ട് പറയാൻ സാധിക്കുകയില്ല.

ശ്രീ. രാജു എബ്രഹാം : ശബരിമല സീസൺ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്തുവെന്ന് ലോകസഭാ സ്പീക്കർ ബാലയോഗി അടക്കം പത്തനംതിട്ടയിൽ എത്തിയപ്പോൾ പത്രലേഖകരോട് പറഞ്ഞിരിക്കുന്നു. ശബരിമലയുടെ പ്രശ്നം തീരുന്നതല്ല, നിരവധിയാണ്. കേരളത്തിന്റെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകർ എത്തുന്ന കേന്ദ്രമാണ്. ഇവിടെ ഒരു കാര്യം മാത്രം ചൂണ്ടിക്കാട്ടുന്നു. അവിടെ നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം ഗതാഗത പ്രശ്നമാണ്. 8 മണിക്കൂറോളം ഇപ്പോൾ ഗതാഗതം സ്തംഭിക്കുന്ന അവസ്ഥയാണ്. റാന്നി വരെ 60 കിലോമീറ്റർ നീളത്തിൽ വാഹനങ്ങൾ സ്തംഭിച്ചു കിടക്കുന്ന അവസ്ഥയാണ്. അതുകൊണ്ട് അവിടെ നിർദ്ദിഷ്ട വൺവേ വേണം. വനം വകുപ്പിന്റെ സ്ഥലമാണ് കിട്ടേണ്ടത്. അതുപോലെ നിർദ്ദിഷ്ട നാഷണൽ ഹൈവേ, ഈ രണ്ട് റോഡുകൾ പാതി വഴിയാണ്. ആവശ്യമായിട്ടുള്ള വനഭൂമി എത്രയും പെട്ടെന്ന് നല്കിക്കൊണ്ട് ഈ റോഡുകൾ നന്നാക്കി അവിടെ നേരിടുന്ന ഗതാഗത സ്തംഭനത്തിന് അടിയന്തിരമായി പരിഹാരം കാണുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : വനഭൂമിയുടെ ലഭ്യതയനുസരിച്ച് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : ശബരിമലയിൽ, തീർത്ഥാടകർ പമ്പാ നദിയിൽ മുങ്ങിക്കുളിച്ചിട്ടുവേണം മലകയറാൻ എന്നാണ് ആചാരം. പമ്പാനദിയിൽ ഇറങ്ങിപ്പോയാൽ അപകടമാണ്. അത്രയേറെ പൊല്യൂട്ടഡ് ആണ്. മലിനീകരണങ്ങൾ ഒഴിവാക്കി പമ്പാനദി സംരക്ഷിക്കുവാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. സി. കെ. നാണു : പമ്പാനദി മലിനമാകുന്നത് ഒഴിവാക്കാൻ പരമാവധി ചെയ്യാൻ കഴിയുന്ന നടപടികൾ ദേവസ്വം, വനം തുടങ്ങിയ വകുപ്പുകൾ സംയുക്തമായി ചെയ്തുവരികയാണ്. തീർത്ഥാടകർ ഉപേക്ഷിച്ചുപോകുന്ന പ്ലാസ്റ്റിക്കും മറ്റും എടുത്തുമാറ്റുവാനും ആ പരിസരം സംരക്ഷിക്കുന്നതിനും നദി പൊല്യൂട്ടഡ് ആകാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും വനംവകുപ്പിന്റെ കീഴിൽ ആദിവാസികളുടെ പ്രത്യേക ഗ്രൂപ്പുകൾ തന്നെ ഉണ്ടാക്കിയിട്ടുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ അതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടത്തിയിട്ട് ഏതെല്ലാം തരത്തിലാണ് മലിനീകരണം ഒഴിവാക്കാൻ സാധിക്കുക എന്ന് പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. അനിരുദ്ധൻ : യഥാർത്ഥത്തിൽ അയ്യപ്പഭക്തന്മാർ ധാരാളമായി നിവസിക്കുന്നത് എന്റെ നിയോജക മണ്ഡലമായ ചാത്തന്നൂരിലാണ്. അയ്യപ്പഭക്തന്മാർക്ക് ശബരിമല സന്നിധാനത്തിൽ കൂടുതൽ സൗകര്യങ്ങൾ വേണമെന്ന് പറയുന്നത് യഥാർത്ഥ ഭക്തന്മാർ അല്ല. കല്ലും മുള്ളും കാല്ക്ക് മെത്തെ "എന്ന് പറഞ്ഞാണ് ഭക്തന്മാർ പോകുന്നത്." സൗകര്യങ്ങൾ അവിടെ എത്തിച്ചു ചേർന്നിട്ടാണ് ഉണ്ടാകേണ്ടത്. ചാത്തന്നൂർ പോലെയുള്ള പ്രദേശങ്ങളിൽ നിന്നും ശബരിമലയ്ക്ക് യാത്രാ സൗകര്യങ്ങൾ കുറവാണ്. അവിടെ ഒരു കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുണ്ട്. ബസ് സ്റ്റേഷൻ ഡിപ്പോയായി ഉയർത്തിയിട്ടില്ല. അത് സബ് ഡിപ്പോയാക്കി ഉയർത്തി അവിടെ നിന്ന് പമ്പാ തീരത്തേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് അങ്ങ് തയ്യാറാകുമോ ?

ശ്രീ. സി. കെ. നാണു : ആ നിവേദനം പരിശോധിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ശബരിമല ക്ഷേത്രത്തിലെ അപ്പം വഴിപാട് വളരെ പ്രസിദ്ധമാണ്. ഓരോ വർഷം കഴിയുംന്തോറും ഈ അപ്പം കട്ടിയായി മാറിക്കൊണ്ടിരിക്കുകയാണ്. കല്ലിനേക്കാൾ കടുപ്പമായിരിക്കുന്നു അയ്യപ്പസ്വാമിയുടെ വഴിപാട് അപ്പം. ഇതൊന്ന് മൃദുവായി മാറ്റാൻ ആവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. സി. കെ. നാണു : അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. കെ. കുമാരൻ : ശബരിമലയിൽ ശ്രീ അയ്യപ്പൻ പന്തളത്തുനിന്നും അവിടെ പോയീന്നാണ് ഐതീഹ്യം. ശബരിമല തീർത്ഥാടനത്തിനായി കേരളത്തിന് പുറത്തുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും ധാരാളം അയ്യപ്പഭക്തന്മാർ പന്തളത്ത് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ള ക്ഷേത്രവും അതുപോലെതന്നെ പഴയ കൊട്ടാരങ്ങളുമെല്ലാം ദർശിക്കുന്നതിനും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതിനും സൗകര്യങ്ങൾ വളരെ കുറവാണ്. അവിടെ യാതൊരു സൗകര്യങ്ങളുമില്ല. ആ സാഹചര്യം കണക്കിലെടുത്ത് ശബരിമലയുടെ വികസനത്തോടൊപ്പം തന്നെ പന്തളത്ത് എത്തിച്ചേരുന്ന അയ്യപ്പഭക്തന്മാർക്കുള്ള സൗകര്യങ്ങൾ ക്രമീകരിക്കുവാനും അവിടെനിന്നും നേരിട്ട് പമ്പയ്ക്ക് പോകുവാനുമുള്ള ട്രാസ്പോർട്ട് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുമുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. സി. കെ. നാണു : ശബരിമലയ്ക്ക് ഇന്നുള്ളതിനേക്കാൾ കൂടുതൽ ട്രാൻസ്പോർട്ട് സൗകര്യം എങ്ങനെ ഏർപ്പെടുത്താൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതു പോലെ ശബരിമലയുടെ കാര്യത്തിൽ, പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് പന്തളത്തിനുള്ളത്. ശബരിമലക്ഷേത്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ടു കൊണ്ട് പന്തളത്ത് എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പ്രത്യേകം പരിശോധിക്കാം.

മി. സ്പീക്കർ : ചോദ്യം നംപർ 510 ഉം, 511 ഉം ക്ളബ് ചെയ്യാം.

നെൽകൃഷി വികസന പദ്ധതികൾ

3 (*510) ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി എത്ര ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ?

(ബി) പ്രസ്തുത ഏജൻസികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവ മുഖാന്തിരം നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) നെൽകൃഷി വികസനത്തിനായി സംസ്ഥാനത്ത് 11 ഏജൻസികളാണ് രൂപീകരിച്ചിട്ടുള്ളത്. അവ താഴെപ്പറയുന്നവയാണ്.

1. കാടാംപള്ളി നെൽകൃഷി വികസന ഏജൻസി.
2. പൊന്നാനി കോൾനില വികസന ഏജൻസി.
3. വയനാട് നെൽകൃഷി വികസന ഏജൻസി.

LIBRARY ARCHIVES Kerala Legislative Assembly